<u>പതിനാലാം കേരള നിയമസഭ</u>

<u>ഒമ്പതാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിടാത്ത 31-01-2018 ൽ മറുപടിയ്ക്ക്

ചോദ്യം നമ്പർ : 1809

# വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട സ്ഥലമെടുപ്പ് നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.മുരളീധരൻ :<br>ശ്രീ. വി.പി.സജീന്ദ്രൻ :<br>ശ്രീ. അടൂർ പ്രകാശ് :<br>ശ്രീ. എം.വിൻസെന്റ് : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട സ്ഥലമെടുപ്പ് നടപടികൾ ഏത് ഘട്ടത്തിലാണ് ; | (എ) 2010 മതൽ 2013 വരെ നെഗോഷ്യബിൾ. പർച്ചേയ്സ്, എൽ.എ. ആക്ട് എന്നിവയിലൂടെ 84.9529 ഹെക്ടർ ഭൂമി ഏറ്റെടുക്കുകയും വിഴിഞ്ഞം തുറമുഖ കമ്പനി അധികാരികൾക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ ഏറ്റെടുക്കേണ്ട 10.7540 ഹെക്ടർ ഭൂമിയിൽ 5.0651 ഹെക്ടർ ഏറ്റെടുത്തിട്ടുണ്ട്. ഇനി 5.1489 ഹെക്ടർ ഭൂമി കൂടി ഏറ്റെടുക്കേണ്ടതുണ്ട്. |
| (ബി) മാസ്റ്റർ പ്ലാനിൽ വരുന്ന ആദ്യഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള സ്ഥലം പൂർണ്ണമായും ഏറ്റെടുത്ത് കൈമാറിയിട്ടുണ്ടോ ; വ്യക്തമാക്കാമോ ; | (ബി) അദാനികമ്പനിയുമായി സർക്കാർ ഒപ്പുവച്ചിട്ടുള്ള കൺസഷൻ കരാർ പ്രകാരം തുറമുഖ നിർമ്മാണ പ്രവർത്തനങ്ങൾക്കായി മാസ്റ്റർ പ്ലാൻ പ്രകാരം ഉപയോഗിക്കേണ്ട ഭൂമിയുടെ 91.94% കൈമാറി കഴിഞ്ഞു. ശേഷിക്കുന്ന അഡീഷണൽ ബാക്ക് അപ്പ് ഏരിയ, അഡീഷണൽ റോഡ് കണക്ടിവിറ്റി, വെയർ ഹൗസ്, സീഫുഡ് പാർക്ക് എന്നിവയ്ക്കാവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടികൾ നടന്നുവരുന്നു. |
| (സി) പരാതികൾ പരിഹരിക്കുന്നതിന് ജനപ്രതിനിധികളുമായി ചർച്ചചെയ്യുന്നതിന് കളക്ടറുടെ നേതൃത്വത്തിൽ രൂപീകരിച്ച മോണിറ്ററിംഗ് കമ്മിറ്റി കൃത്യമായി യോഗം ചേരാറുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്നറിയിക്കാമോ ; | (സി) ഉണ്ട്. |
| ഡി) കോട്ടുകാൽ ഗ്രാമപഞ്ചായത്തിൽ വെയർഹൗസ് സ്ഥാപിക്കുന്നതിന് സ്ഥലം ഏറ്റെടുക്കുന്ന നടപടി ഏത് ഘട്ടത്തിലാണ് ; | ഡി) വെയർഹൗസ് നിർമ്മാണത്തിനായി കോട്ടുകാൽ ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട കോട്ടുകാൽ വില്ലേജിലെ 3.3803 ഹെക്ടർ സ്ഥലം ഏറ്റെടുക്കാനുള്ളതിൽ 2.6889 ഹെക്ടർ സ്ഥലം ഏറ്റെടുത്ത് കൈമാറിയിട്ടുണ്ട്. |

| | | |
|---|---|---|
| | | ശേഷിക്കുന്ന 0.6934 ഹെക്ടർ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. |
| ഇ) | സർക്കാരിന്റെ മെല്ലെപ്പോക്ക് നടപടികളിൽ അദാനി ഗ്രൂപ്പിനുള്ള അതൃപ്തി തുറമുഖ വകുപ്പിനെ അറിയിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ? | ഇ) സർക്കാരിന്റെ നടപടികളിൽ യാതൊരുവിധ അതൃപ്തിയും അദാനി ഗ്രൂപ്പ് അറിയിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**